# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2662

19..02..2016 -ൽ
മറുപടിയ്ക്ക്

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. എ.എം.ആരിഫ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) മിക്ക കോളേജുകളും എ.ഐ.സി.ടി.ഇ.-യുടെ മാനദണ്ഡങ്ങൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിവുള്ളതാണോ; അടിസ്ഥാന സൗകര്യങ്ങളില്ലാതെയും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെയും കോളേജുകൾക്ക് അനുമതി നൽകിയതാണ് ഈ സ്ഥിതി വിശേഷത്തിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും എ.ഐ.സി.ടി.ഇ. നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് സർക്കാർ NOC നൽകിയിട്ടില്ല. സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന, ഭൗതീക സാഹചര്യങ്ങൾ സംബന്ധിച്ച് AICTE -യും ബന്ധപ്പെട്ട സർവ്വകലാശാലകളും പരിശോധന കൾ നടത്തി പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന അപ്രൂവൽ/അഫിലിയേഷന്റെ/ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ NOC നൽകിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം കോളേജുകളുടെ അംഗീകാരം പിൻവലിക്കുന്നതിനും അടച്ചുപൂട്ടുന്നതിനും എ.ഐ.സി.ടി.ഇ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ നടപടിക്ക് വിധേയമായ എത്ര കോളേജുകളുണ്ട്; വിശദമാക്കാമോ; | (സി) | 2015 - 16 അദ്ധ്യയന വർഷത്തിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (PISAT) പാലക്കാട് എന്ന സ്ഥാപനത്തിന് AICTE തുടർ അംഗീകാരം (Extension of approval) നൽകിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ പി.എ.അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (PAACET) എന്ന സ്ഥാപനത്തിന്റെ അംഗീകാരവും AICTE പിൻവലിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളെ അതത് സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന മറ്റ് കോളേജുകളിലേയ്ക്ക് മാറ്റി തുടർ വിദ്യാഭ്യാസം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയും അതുമൂലമുണ്ടായിട്ടുള്ള കുറഞ്ഞ വിജയശതമാനവും സംബന്ധിച്ചുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ഡി) | ബഹുമാനപ്പെട്ട ഹൈക്കോടതി, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പരാമർശം നടത്തിയ സാഹചര്യത്തിൽ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ സ്ഥാപനങ്ങളുടെ നിലവിലുള്ള വിജയശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയും പരിഗണിക്കാറുണ്ട്. |

സർക്കാർ സ്വീകരിച്ച ഇത്തരം നടപടികളുടെ ഭാഗമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പല ന്യൂനതകളും പരിഹരിക്കപ്പെടുകയും, വിജയ ശതമാനം വർദ്ധിക്കുകയും ചെയ്യതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മുതൽ 2015 വരെയുള്ള അദ്ധ്യയനവർഷങ്ങളിൽ സംസ്ഥാനത്ത് ഒഴിഞ്ഞു കിടന്ന എഞ്ചിനീയറിംഗ് സീറ്റുകളുടെ കണക്ക് ലഭ്യമാക്കാമോ; | (ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. .ഇത് സംബന്ധിച്ച സർക്കാർ സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>2011 → 3977<br>2012 → 7262<br>2013 → 7608<br>2014 → 11448<br>2015 → 14822 |
| (എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല കടുത്ത നിലവാരത്തകർച്ച നേരിടുന്ന സാഹചര്യത്തിൽ ഈ മേഖല യിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദ മാക്കാമോ? | (എഫ്) ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ